"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരള ഫീഡ്സ് ലിമിറ്റഡിന് മുതലമട സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ കാലിത്തീറ്റ യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് 5 വർഷത്തേയ്ക്ക് കൂടി പ്രവർത്തനാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഫാംസ് ) വകുപ്പ്**

സ.ഉ.(സാധാ) നം.63/2025/AGRI തീയതി,തിരുവനന്തപുരം, 30-01-2025

---

പരാമർശം:-

1. സ.ഉ(സാധാ)നം 762 /2009/കൃഷി തീയതി 22/ 05 /2009
2. സ.ഉ(സാധാ)നം 158 /2019/കൃഷി തീയതി 15/2 / 2019
3. സ.ഉ(സാധാ)നം 1040 /2022/കൃഷി തീയതി 23/11/ 2022
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 27/12/2024-ാം തീയതിയിലെ ADFW/13057/2024-TH2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം, കേരള ഫീഡ്സ് ലിമിറ്റഡിന് മുതലമട സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ കാലിത്തീറ്റ യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് ഫാമിന്റെ 4 ഏക്കർ സ്ഥലം 5 വർഷത്തേക്ക് അനുവദിച്ചിരുന്നു. പരാമർശം (2) ലെ ഉത്തരവ് പ്രകാരം 4 ഏക്കർ സ്ഥലത്തിൽ കേരള ഫീഡ്സ് ലിമിറ്റഡ് വിനിയോഗിച്ച് വരുന്ന ഒരു ഏക്കർ സ്ഥലത്തിന് 08/06/2014 മുതൽ 5 വർഷത്തേക്ക് കൂടി NOC അനുവദിക്കുകയും തുടർന്ന് പരാമർശം (3)ലെ ഉത്തരവ് പ്രകാരം 08/06/2019 മുതൽ വീണ്ടും 5 വർഷത്തേയ്ക്ക് കൂടി NOC അനുവദിക്കുകയും ചെയ്തിരുന്നു.

2. കേരള ഫീഡ്സ് ലിമിറ്റഡിന് മുതലമട സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒരു ഏക്കർ സ്ഥലത്തിന് കാലിത്തീറ്റ യുണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് 5 വർഷത്തേയ്ക്ക് കൂടി NOC അനുവദിക്കണമെന്ന ആവശ്യം, പരാമർശം (4) ലെ കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിലേയ്ക്ക് ലഭ്യമാക്കിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (3 ) ഉത്തരവിന് തുടർച്ചയായി മുതലമട സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ കേരള ഫീഡ്സ് ലിമിറ്റഡിന് കാലിത്തീറ്റ യൂണിറ്റ് സ്ഥാപിക്കുന്നതിന് അനുവാദം നൽകിയ 4 ഏക്കാർ സ്ഥലത്തിൽ അവർ വിനിയോഗിച്ച് വരുന്ന ഒരു ഏക്കർ സ്ഥലത്തിന് 08/06/2024 മുതൽ 5 വർഷത്തേക്ക് കൂടി NOC അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ.മനോജ് കുമാർ

ഡെപ്യൂട്ടി സെക്രട്ടറി

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ,
മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ്, കല്ലേറ്റുംകര, തൃശ്ശൂർ,
പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (ആഡിറ്റ്),തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (എ & ഇ), തിരുവനന്തപുരം,
മൃഗസംരക്ഷണ വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AF1/1/2025-AGRI)

ഉത്തരവിൻ പ്രകാരം

Signed by
Sujanath V M
സെക്ഷൻ ഓഫീസർ
Date: 30-01-2025 11:27:45